രക്ഷയുടെ പാതയിൽ-8



8

# സഭ ദൈവത്തിന്റെ ജനം

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം

1. സഭ :ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനം
2. സഭ : രക്ഷിക്കപ്പെട്ടവരുടെ സമൂഹം
3. സഭ : വിശ്വാസികളുടെ സമൂഹം
4. സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
5. സഭ : മിശിഹായുടെ ശരീരം
6. സഭ : പുരോഹിത ജനം
7. സഭ : പങ്കുവയ്ക്കുന്നവരുടെ സമൂഹം
8. സഭ : പ്രവാചകജനം
9. പ്രേഷിതയായ സഭ
10. തീർത്ഥാടകയായ സഭ
11. സഭ : ഏകമാണ്
12. സഭ : പരിശുദ്ധമാണ്
13. സഭ : ശ്ലൈഹികമാണ്
14. സഭ : സാർവത്രികമാണ്
15. മറിയം സഭയുടെ മാതാവും മാതൃകയും

പാഠം 13

# സഭ : ശ്ലൈഹികമാണ്



- തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകുന്നതിനുമായി പന്ത്രണ്ടുപേരെ അവൻ നിയോഗിച്ചു.



1. ശ്ലീഹന്മാരുടെ വിശ്വാസാനുഭവം
2. ശ്ലീഹന്മാരുടെ ദൗത്യങ്ങൾ
3. ശ്ലീഹന്മാരുടെ പ്രബോധനങ്ങൾ
4. ശ്ലീഹന്മാരും സഭാസമൂഹങ്ങളും
5. സീറോമലബാർ സഭയുടെ ശ്ലൈഹിക പൈതൃകം
6. മെത്രാന്മാർ
7. മേജർ ആർച്ചുബിഷപ്പ്
8. മാർപാപ്പയുടെ പരമാധികാരം
9. മെത്രാന്മാരുടെ സംഘാത്മകത

# ശ്ലീഹന്മാരുടെ വിശ്വാസാനുഭവം

- നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ ആകുന്നു.
- ഈശോയെ കർത്താവും ദൈവവുമായി ശ്ലീഹന്മാർ വിശ്വസിച്ചു.
- ആ വിശ്വാസം അവർ പ്രഘോഷിച്ചു.
- അവരുടെ വിശ്വാസപ്രഘോഷണം ശ്രവിച്ചവർ ആ വിശ്വാസത്തിലേക്ക് കടന്നുവന്നു.
- അങ്ങനെ ശ്ലീഹന്മാരുടെ വിശ്വാസാനുഭവം സഭയുടെ അടിത്തറയായി മാറി.

# ശ്ലീഹന്മാരുടെ ദൗത്യങ്ങൾ

- ചില വ്യക്തികളെ പ്രത്യേകം തെരഞ്ഞെടുത്ത് അവർക്കു പ്രത്യേക ദൗത്യങ്ങൾ ഏല്പിച്ചുകൊണ്ടാണ് ദൈവം ഇക്കാര്യം നടപ്പിലാക്കിയത്.
- പ്രവാചകന്മാർ, പുരോഹിതന്മാർ, രാജാക്കന്മാർ എന്നിവരാണ് അവർ.
- ഇസ്രയേലിനു രക്ഷാകരമായ അനുഭവം പ്രദാനം ചെയ്തിരുന്ന ഈ ത്രിവിധ ദൗത്യങ്ങൾ വരാനിരുന്ന മിശിഹായിൽ പൂർത്തിയാക്കപ്പെട്ടു.
- ഈശോ ഒരേ സമയം പ്രവാചകനും പുരോഹിതനും രാജാവുമായിരുന്നു.

# ശ്ലീഹന്മാരുടെ പ്രബോധനങ്ങൾ

- കുരിശിൽ തറയ്ക്കപ്പെട്ട് യഹൂദ ദൃഷ്ടിയിൽ ശപിക്കപ്പെട്ടവനായി മരിച്ച ഈശോ വരാനിരുന്ന രക്ഷകനാണെന്നും കർത്താവെന്ന ഉന്നതമായ നാമം നല്കി ദൈവം അവിടുത്തെ ഉയർത്തിയെന്നും ശ്ലീഹന്മാർ പ്രഖ്യാപിച്ചു.
- മിശിഹായിൽ വിശ്വസിക്കുന്നവരും അവിടുത്തെ നാമം ഏറ്റുപറയുന്നവരുമാണ് രക്ഷ പ്രാപിക്കുന്നതെന്നും അവർ വ്യക്തമാക്കി.

# ശ്ലീഹന്മാരും സഭാസമൂഹങ്ങളും

- ശ്ലീഹന്മാർ സുവിശേഷം പ്രഘോഷിച്ച സ്ഥലങ്ങളിലെല്ലാം വിവിധ ക്രൈസ്തവസമൂഹങ്ങൾ രൂപം കൊണ്ടു.
- മാർത്തോമ്മാശ്ലീഹ പേർഷ്യ, ഇന്ത്യ തുടങ്ങിയ പ്രദേശങ്ങളിൽ സുവിശേഷം പ്രസംഗിച്ചു

# സീറോമലബാർ സഭയുടെ ശ്ലൈഹിക പൈതൃകം

- ഈശോയെ കർത്താവും ദൈവവുമായി ഏറ്റു പറഞ്ഞ അവിടുത്തോടൊപ്പം ജീവിക്കാനും മരിക്കാനും സന്നദ്ധത പ്രകടിപ്പിച്ച ശ്ലീഹായാണ് മാർത്തോമ്മാശ്ലീഹ.
- മാർത്തോമ്മശ്ലീഹായിലൂടെ കൈവന്ന വിശ്വാസാനുഭവമാണ് നമ്മുടെ സഭയുടെ ശ്ലൈഹികാടിസ്ഥാനം.

# മെത്രാന്മാർ

- ശ്ലീഹന്മാരുടെ പിൻഗാമികളാണ് മെത്രാന്മാർ.
- അവർ തങ്ങൾക്കു ലഭിച്ച പരിശുദ്ധാത്മാവിന്റെ ശക്തിയാൽ വിശ്വാസത്തിന്റെ ആധികാരിക പ്രബോധകരും പ്രധാനാചാര്യന്മാരും അജപാ ലകരുമാണ്.
- കർത്താവിന്റെ അജഗണത്തിൽ തങ്ങളെ ഭരമേൽപിച്ചിരിക്കുന്ന വിഭാഗത്തിന്റെ പാലനം അവർ നിർവഹിക്കുന്നു.
- രൂപതയാകുന്ന പ്രാദേശികസഭയുടെ തലവനാണ് മെത്രാൻ.

# മേജർ ആർച്ചുബിഷപ്പ്

- പേട്രിയാർക്കൽ സഭകൾ കൂടാതെ തത്തുല്ല്യമായ അധികാരാവകാശങ്ങളോടു കൂടിയ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭകളുമുണ്ട്.
- മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയുടെ തലവൻ മേജർ ആർച്ചുബിഷപ്പാണ്.

# മാർപാപ്പയുടെ പരമാധികാരം

- ഈശോ തെരഞ്ഞെടുത്ത പന്ത്രണ്ട് അപ്പസ്തോലന്മാരുടെ സംഘത്തിൽ ഈശോ തന്നെ പ്രാമുഖ്യം കൊടുത്ത വ്യക്തിയാണ് ശെമയോൻ പത്രോസ്.
- പത്രോസാകുന്ന പാറമേൽ സഭ സ്ഥാപിക്കുമെന്നും സ്വർഗരാജ്യ ത്തിന്റെ താക്കോലുകൾ അവനു നല്കുമെന്നും ഈശോ വാഗ്ദാനം ചെയ്തു.
- മാർപാപ്പാ വിശുദ്ധ പത്രോസിന്റെ പിൻഗാമിയാണ്.
- മാർപാപ്പാ ഒരേസമയം റോമിന്റെ മെത്രാനും ആഗോള കത്തോലിക്കാ സഭയുടെ തലവനുമാണ്.
- സാർവത്രിക സഭയെ മുഴുവൻ നയിക്കാനും വിശുദ്ധീകരിക്കാനും പഠിപ്പിക്കാനുമുള്ള അധികാരം മാർപാപ്പായ്ക്കുണ്ട്

# മെത്രാന്മാരുടെ സംഘാത്മകത

- വിശുദ്ധ പത്രോസും ബാക്കി പതിനൊന്നു ശ്ലീഹന്മാരും ചേർന്നുായ ശ്ലൈഹിക കൂട്ടായ്മപോലെ ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരും പത്രോസിന്റെ പിൻഗാമിയായ മാർപാപ്പായും ചേർന്ന മെത്രാന്മാരുടെ കൂട്ടായ്മയാണ് സഭയെ നയിക്കുന്നത്.



# ദൈവവചനം വായിക്കാം

# ധ്യാനിക്കാം

(എഫേ 2:17-22)



# ഓർമ്മിക്കാൻ ഒരു തിരുവചനം

**അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിയപ്പെട്ടവരാണ് നിങ്ങൾ. ഈ അടിത്തറയുടെ മൂലക്കല്ല് മിശിഹായാണ്.**

(എഫേ 2:20)

# നമുക്കു പ്രാർത്ഥിക്കാം

**കർത്താവേ, തെരഞ്ഞെടുക്കപ്പെട്ട ജനത്തെ വാഗ്ദത്തനാട്ടിലേക്ക് മോശ നയിച്ചതുപോലെ അങ്ങയുടെ സഭയെ സ്വർഗീയ ഓർശ്ലേത്തേക്കു നയിക്കുവാൻ ഞങ്ങളുടെ അജപാലകന്മാരെ സമൃദ്ധമായി അനുഗ്രഹിക്കണമേ.**

# എന്റെ തീരുമാനം

**എന്റെ ഇടവക വികാരിക്കുവേയിും രൂപതാദ്ധ്യക്ഷനുവേയിും ഞാൻ അനുദിനം പ്രാർത്ഥിക്കും**

Thank you